File No.FWLD-A2/6/2019-FWLD

16662
30/9/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

കോട്ടയം ഡിവിഷനിലെ എരുമേലി റെയിഞ്ചിൽപ്പെട്ട ഉറുമ്പിക്കര റിസർവ്വിൽ നിന്നും സർക്കാർ മരങ്ങൾ അനധികൃതമായി മുറിച്ച് നീക്കം ചെയ്തത് സംബന്ധിച്ച് - ശ്രീ.ജെ.ഷാജി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.)-ക്കെതിരെ അച്ചടക്ക നടപടി തീർപ്പാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.49/2019/വനം** തീയതി,തിരുവനന്തപുരം, 08/02/2019

---

പരാമർശം:- 1 സർക്കാരിന്റെ 04.05.2013-ലെ 1043/എ2/13/വനം നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.

2 സ.ഉ.(സാധാ.) നം. 172/2014/വനം തിയതി 09.04.2014.

3 ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 26.05.2015-ലെ ബി3-30979/12 നമ്പർ കത്ത്

4 സർക്കാരിന്റെ 29.09.2015-ലെ 15575/എ2/12/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

5 ശ്രീ.ജെ.ഷാജി 19.03.2016-ൽ സമർപ്പിച്ച പ്രതിവാദ പത്രിക.

6) സർക്കാരിന്റെ 13.03.2018-ലെ 15575/എ2/14/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

7) ശ്രീ.ജെ.ഷാജിയുടെ 23.03.2018-ലെ പ്രതിവാദ പത്രിക.

8 കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 13.12.2018-ലെ എ1-1/50011/2018-KPSC നമ്പർ കത്ത്

## ഉത്തരവ്

കോട്ടയം ഡിവിഷനിലെ എരുമേലി റെയിഞ്ചിൽപ്പെട്ട ഉറുമ്പിക്കര റിസർവ്വിൽ നിന്നും സർക്കാർ മരങ്ങൾ അനധികൃതമായി മുറിച്ച് നീക്കം ചെയ്തത് സംബന്ധിച്ച് കോട്ടയം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

പ്രസ്തുത കുറ്റകൃത്യത്തിന് കൂട്ടുനിന്ന എരുമേലി റെയിഞ്ചാഫീസർ ശ്രീ.ജെ.ഷാജി, ഉറുമ്പിക്കര ഔട്ട് പോസ്റ്റ് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.പി.വിജയൻകുട്ടി എന്നിവരെ സർവ്വീസിൽ നിന്നും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിരുന്നു. പ്രസ്തുത ജീവനക്കാരുടെ പേരിലും ടി കേസ്സിൽ കുറ്റക്കാരായി കണ്ട മറ്റ് ജീവനക്കാരുടെ പേരിലും കഠിന ശിക്ഷയുള്ള അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ് & ചീഫ് വൈൽഡ് ലൈഫ് വാർഡൻ) ശുപാർശ ചെയ്ത പ്രകാരം ശ്രീ.ജെ.ഷാജിക്കെതിരെ പരാമർശം (1) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി.

2)ടിയാനെതിരെയുള്ള ചാർജ്ജുകൾ താഴെപ്പറയുന്നവയാണ്.

a)സർക്കാർ റിസർവ്വ് വനമായ ഉറുമ്പിക്കര റിസർവ്വിൽപ്പെട്ട വിവിധ എൻക്ലോഷറുകളിൽ നിന്നും വിവിധ ഇനങ്ങളിൽപ്പെട്ട സർക്കാർ മരങ്ങൾ അനധികൃതമായി മുറിച്ച് നീക്കം ചെയ്യുന്നതിന് സ്വകാര്യ വ്യക്തികൾക്ക് അനുമതി നൽകി. തന്മൂലം സർക്കാർ മുതൽ അപഹരിക്കുന്നതിന് ഒത്താശ ചെയ്തു.

b)ടിയാന്റെ മേൽ പ്രവർത്തിമൂലം വിവിധ ഇനങ്ങളിൽപ്പെട്ട 61.601 ഘനമീറ്റർ സർക്കാർ തടി നഷ്ടപ്പെടാൻ ഇടയാകുകയും അതുമൂലം സർക്കാരിന് 51,38,558/- (അമ്പത്തി ഒന്ന് ലക്ഷത്തിമുപ്പത്തിയെണ്ണായിരത്തി അഞ്ഞൂറ്റി അമ്പത്തിയെട്ട്) രൂപയുടെ നഷ്ടം വരുത്തിവയ്ക്കുകയും ചെയ്തു.

c)സർക്കാർ മുതൽ കാക്കുന്നതിന് താങ്കളിൽ അർപ്പിതമായ ബൗണ്ടറി ഡ്യൂട്ടിയിൽ ഗുരുതരമായ വീഴ്ച വരുത്തുകയും വിശ്വാസ വഞ്ചന, കൃത്യവിലോപം അച്ചടക്ക ലംഘനം എന്നീ ഗുരുതരമായ കുറ്റകൃത്യങ്ങൾ ചെയ്യുകയും ചെയ്തു.

3)മേൽ വിഷയത്തിൽ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിലേയ്ക്കും ശ്രീ.ജെ.ഷാജിയ്ക്ക് ടിയാന്റെ നിരപരാധിത്വം തെളിയിക്കുന്നതിലേയ്ക്കുമായി പരാമർശം (2) പ്രകാരം ഔപചാരികാന്വേഷണം നടത്താൻ ഉത്തരവായിരുന്നു. അന്വേഷണ അധികാരി സമർപ്പിച്ച ഔപചാരികാന്വേഷണ റിപ്പോർട്ട് പരാമർശം (3) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ലഭ്യമാക്കി. ആയതു പ്രകാരം ശ്രീ.ജെ.ഷാജിക്കെതിരെയുള്ള ഒന്നും രണ്ടും ചാർജ്ജുകൾ തെളിയിക്കപ്പെട്ടതായും ആയതിനാൽ മൂന്നാമത്തെ ചാർജ്ജും തെളിയിക്കപ്പെട്ടതായി കണ്ടെത്തി. ടിയാൻ ഉൾപ്പെടെയുള്ള കുറ്റാരോപിതർ കാരണം 51,38,558/- രൂപയുടെ നഷ്ടം ഉണ്ടായതായും കണ്ടെത്തിയിരുന്നു.

4)മേൽ സാഹചര്യത്തിൽ, ശ്രീ.ജെ.ഷാജിയിൽ നിന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് ചെയ്ത, ടിയാന്റെ പേരിലുള്ള ആനുപാതിക സർക്കാർ നഷ്ടമായ 4,28,213/- രൂപ 1960 ലെ കേരള സിവിൽ സർ വ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം II(IV) (a) പ്രകാരം ഈടാക്കാൻ തീരുമാനിക്കുകയും, ആയതിനു പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു.പ്രസ്തുത നോട്ടീസിന് പരാമർശം (5) പ്രകാരം

സമർപ്പിച്ച പ്രതിവാദ പത്രിക പരിഗണനാർഹമല്ലെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായപ്പെട്ടു. തുടർന്ന് കാരണം കാണിക്കൽ നോട്ടീസ് അസാധുവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ.ജെ.ഷാജി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ O.A.(Ekm) 1312/15 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി.

5)അച്ചടക്ക നടപടികൾ നിർത്തി വയ്ക്കണമെന്നോ കാരണം കാണിക്കൽ നോട്ടീസ് റദ്ദാക്കണമെന്നോ ആവശ്യപ്പെട്ടുകൊണ്ടുള്ള ട്രൈബ്യൂണലിന്റെ ഉത്തരവുകളൊന്നും ഇല്ലാതിരുന്നതിനാലും, വകുപ്പുതല നടപടികളും കോടതി നടപടികളും വ്യത്യസ്തവും സ്വതന്ത്രവുമായി കാണേണ്ടതാണെന്നുള്ളതിനാലും അച്ചടക്ക നടപടി സമയബന്ധിതമായി തീർപ്പാക്കുവാൻ സർക്കാർ തീരുമാനിച്ചു. എന്നാൽ ശ്രീ.ജെ.ഷാജി 31.01.2017-ന് സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ പരാമർശം (4) പ്രകാരം ടിയാന് നൽകിയ കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലിക തീരുമാനം നടപ്പിലാക്കുവാൻ 1960ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം പ്രകാരം അസാധ്യമായതിനാൽ ശ്രീ.ജെ.ഷാജി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ(റിട്ട) നിന്നും കെ.എസ്.ആർ.ഭാഗം 3 കുറിപ്പ് 2 പ്രകാരം സർക്കാർ നഷ്ടമായ 4,28,213/- രൂപ ഈടാക്കാൻ തീരുമാനിച്ച് പരാമർശം (6) പ്രകാരം പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നല്കുകയുണ്ടായി. ടി കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ പരാമർശം (7) പ്രകാരം സമർപ്പിച്ച പ്രദിവാദപത്രികയിൽ ടിയാനെതിരെ നിശ്ചയിക്കപ്പെട്ട സർക്കാർ നഷ്ടം ഈടാക്കിയതിനുശേഷം ബാക്കിയുള്ള പെൻഷൻ ആനുകൂല്യങ്ങൾ അടിയന്തിരമായി നൽകുവാൻ അഭ്യർത്ഥിച്ചു. ഇക്കാര്യത്തിൽ നേരിൽ കേൾക്കുന്നതിനു താൽപ്പര്യമില്ല എന്നുമറിയിക്കുകയുണ്ടായി.ഈ സാഹചര്യത്തിൽ ശ്രീ.ജെ.ഷാജി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ(റിട്ട) നിന്നും കെ.എസ്.ആർ.ഭാഗം 3 കുറിപ്പ് 2 പ്രകാരം സർക്കാർ നഷ്ടമായ 4,28,213/- രൂപ ഈടാക്കുവാനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്ന ത് സംബന്ധിച്ച് കേരള പബ്ലിക് സർവീസ് കമ്മീഷന്റെ അഭിപ്രായമാരായുകയുണ്ടായി.

6)ഈ കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ ശ്രീ.ജെ.ഷാജി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നും സർക്കാർ നഷ്ടമായ 4,28,213/- രൂപ ഈടാക്കുന്നതിനോടൊപ്പം, ചെയ്ത കുറ്റത്തിനുള്ള ആനുപാതിക ശിക്ഷ കൂടി ചുമത്തേണ്ടതാണെന്ന് അഭിപ്രായപ്പെട്ടുകയും അപ്രകാരം അച്ചടക്ക നടപടി പൂർത്തീകരിക്കുവാൻ പരാമർശം (8) പ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തു.

7)സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 4,28,213/- (നാല് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി ഇരുന്നൂറ്റി പതിമൂന്ന്) രൂപ കേരള സർവ്വീസ് റൂൾസ് ഭാഗം 3, ചട്ടം 3-ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം ശ്രീ.ജെ.ഷാജി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.)-ന്റെ ഡി.സി.ആർ.ജി-യിൽ നിന്നും ഈടാക്കാനുള്ള പരാമർശം (6)-ലെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. ടിയാന്റെ

സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നതിനുള്ള അടിയന്തിര നടപടി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ.എ.എസ്
പ്രിന്സിപ്പല് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ജെ.ഷാജി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid
ഉത്തരവിൻ പ്രകാരം
Digitally signed by BIJI K
Date: 2019.02.14
11:51:18 IST
Reason: Approved
സെക്ഷൻ ഓഫീസർ